മധുരമായ കുട്ടികളേ, ഓരോ വീട്ടിനേയും സ്വര്ഗ്ഗമാക്കുവാനുള്ള ഉത്തരവാദിത്ത്വം നിങ്ങള് കുട്ടികള്ക്കുള്ളതാണ്, സര്വ്വര്ക്കും പതീതത്തില് നിന്നും പാവനമാകുവാന് വേണ്ടിയുള്ള ലക്ഷ്യം കൊടുക്കണം, ദൈവീക ഗുണങ്ങള് ധാരണ ചെയ്യണം.

ചോദ്യം :- ഈശ്വരീയ മടിത്തട്ടിലേയ്ക്ക് വരുന്നതിലൂടെ നിങ്ങള് കുട്ടികള്ക്ക് എന്ത് അനുഭവമാണ് ഉണ്ടാകുന്നത്?

ഉത്തരം :- മംഗളകരമായ മിലനം ആഘോഷിക്കുന്നതിന്റെ അനുഭവം ഈശ്വരീയ മടിത്തട്ടില് വരുന്ന കുട്ടികള്ക്കുണ്ടാകുന്നു. സംഗമയുഗം ഈശ്വരനുമായി മിലനം ആഘോഷിക്കുവാനുള്ള യുഗമാണ് എന്ന് നിങ്ങള് കുട്ടികള്ക്കറിയാം. നിങ്ങള് ഈശ്വരനോടൊപ്പം ഭാരതത്തെ സ്വര്ഗ്ഗമാക്കുകയാണ്. ഈ സമയം നിങ്ങള് കുട്ടികള് സന്മുഖത്ത് കാണുകയാണ്. മുഴുവന് കല്പത്തിലും മറ്റാര്ക്കും മിലനം ആഘോഷിക്കുവാന് സാധിക്കില്ല. ഇത് നിങ്ങളുടെ വളരെ ചെറിയ ഈശ്വരീയ കുലമാണ്, ശിവബാബ മുത്തച്ഛനും ബ്രഹ്മാവ് അച്ഛനും പിന്നെ നിങ്ങള് കുട്ടികള് സഹോദരീ സഹോദരന്മാരും, മറ്റൊരു സംബന്ധവും ഇല്ല.

ഗീതം :- പുതിയ ലോകത്തിലെ മൊട്ടുകള്..........

ഓംശാന്തി. ബാബ വരുമ്പോള് ആദ്യം കുറച്ച് സമയം സൈലന്സിലിരിക്കണം, കാരണം ഏറ്റവും ആദ്യം ദാനം ചെയ്യുന്നത് ഓര്മ്മയുടെതാണ്. ഓര്മ്മയിലൂടെ പതീതരെ പാവനമാക്കണം. നിങ്ങള് കുട്ടികള് ദാനം കൊടുത്തുകൊണ്ടിരിക്കുന്നു പിന്നെ എടുത്ത് കൊണ്ടുമിരിക്കുന്നു. ബാബ വന്ന് മുള്ളുകളില് നിന്നും മൊട്ടുകളാക്കിയിട്ട് പിന്നെ മൊട്ടുകളില് നിന്നും പുഷ്പങ്ങളാക്കുന്നു. ഓരോരുത്തരേയും സ്വര്ഗ്ഗത്തിലേയ്ക്ക് യോഗ്യരാക്കുക എന്നതാണ് നിങ്ങളുടെ സേവനം എന്ന് നിങ്ങള്ക്കറിയാം. അതുപോലെ നിങ്ങള് ആയികൊണ്ടിരിക്കുന്നു.

ബാബ വന്ന് ആദ്യം ഹെല്ത്തും പിന്നെ വെല്ത്തും നല്കുന്നു. ആദ്യം ശാന്തി പിന്നെ സുഖം. വാസ്തവത്തില് രണ്ടിലും സുഖമുണ്ട്. നിങ്ങള് കുട്ടികള്ക്ക് സുഖവും ശാന്തിയും രണ്ടും ആവശ്യമാണ് എന്നാല് സന്യാസിമാരൊക്കെ ശാന്തി മാത്രമാണ് ആഗ്രഹിക്കുന്നത്. സന്യാസിമാര് സുഖം ആഗ്രഹിക്കുന്നില്ല. അവര്ക്ക് സുഖം നല്കുവാനും സാധിക്കില്ല. അഥവാ ശാന്തി കൊടുത്താലും അല്പകാല ക്ഷണഭംഗുരമായ സുഖത്തിന് വേണ്ടിയാണ്. സുഖം കാകവിഷ്ട സമാനമാണ് എന്നാണ് അവര് പറയുന്നത്. സന്യാസിമാര് പൊതുവെ മുക്തിയ്ക്ക് വേണ്ടി ശാന്തി ആഗ്രഹിക്കുന്നു. മറ്റാര്ക്കും മുക്തി നല്കുവാന് സാധിക്കില്ല. ഇതിനെ പരിധിയില്ലാത്ത മുക്തി, പരിധിയില്ലാത്ത ജീവന്മുക്തി എന്ന് പറയുന്നു, അത് പരിധിയില്ലാത്ത ബാബയ്ക്ക് തന്നെയാണ് നല്കുവാന് സാധിക്കുന്നത്. ഈ സമയം സര്വ്വരും മുള്ളുകളാണ് എന്നത് നിങ്ങള്ക്കറിയാം. മുള്ള് വേദനിപ്പിക്കുന്നു. ബാബ പറയുന്നു സര്വ്വരും പരസ്പരം കാമകഠാരിയാല് കൊല്ലുന്നു. കാമകഠാരി പ്രയോഗിക്കുന്നത് ഹിംസയാണ് എന്നത് അവര്ക്ക് അറിയില്ല. നിങ്ങള് വികാരത്തിലേയ്ക്ക് പോയി ആദി മദ്ധ്യ അന്ത്യം പരസ്പരം ദുഃഖം കൊടുക്കുന്നു. ഇത് ദുഃഖത്തിന്റെ ലോകം തന്നെയാണ്. സുഖത്തിന്റെ ലോകം എന്ന് സ്വര്ഗ്ഗത്തെയാണ് പറയുന്നത് - അപ്പോള് പുതിയ സൃഷ്ടി പുതിയ ഭാരതമായിരുന്നു. ദേവീ ദേവതകളുടെ പൂജാരിമാരായിട്ടുള്ള ഭാരതവാസികള്ക്ക് അറിയാം ഈ ദേവതകളുടെ രാജ്യമുണ്ടായിരുന്നു എന്നും അതിനെയാണ് സ്വര്ഗ്ഗം എന്ന് പറയുന്നത് എന്നും. ഇതും മനസ്സിലാക്കുന്നുണ്ട് . ലക്ഷ്മീ നാരായണന്റെ ക്ഷേത്രത്തില് പോയി അവരുടെ മഹിമ പാടുന്നു. ഭാരതത്തിന്റെ അധികാരികളായിരുന്നു എന്ന് മനസ്സിലാക്കുന്നുണ്ട്. ഭാരതത്തില് ലക്ഷ്മീ നാരായണന്റെ വളരെയധികം ക്ഷേത്രങ്ങള് ഉണ്ടാക്കുന്നുണ്ട്, അപ്പോള് അവരുടെ രാജധാനിയുണ്ടായിരുന്നു എന്നും മനസ്സിലാക്കുന്നുണ്ട്. മഹാരാജാവെന്നും മഹാറാണിയെന്നുമാണ് പറയുന്നത്. പക്ഷേ എപ്പോഴായിരുന്നു എന്നത് മറന്ന് പോയി. എത്ര സാധാരണമായ മറവിയാണ്.വളരെക്കാലമൊന്നും ആയിട്ടില്ല. അയ്യായിരം വര്ഷത്തിന്റെ കാര്യമാണ്. ക്രിസ്തുവും ബുദ്ധനുമൊക്കെ രണ്ട്-രണ്ടായിരത്തി അഞ്ഞൂറ് വര്ഷമായിരിക്കുന്നു. അവരെ കുറിച്ച് പറയുന്നത് അവര് പുനരവതണം നടത്തി എന്നാണ്. വാസ്തവത്തില് ഓരോരുത്തരും പുനരവതരണം നടത്തുന്നുണ്ട്. ആത്മാവ് വന്ന് പ്രവേശിക്കുന്നു, ഇതിനേയും പുനരവതരണം എന്ന് പറയാം . പക്ഷെ ആദ്യമഹിമ മഹാന്മാര്ക്കാണ് പാടാറുള്ളത്. പറയാറുണ്ട്- പരമപിതാ പരമാത്മാവ് പുനരവതരിക്കും, അപ്പോള് വന്ന് ശരീരത്തില് പ്രവേശിക്കുമെന്ന്. പുനരവതരണം

എന്നതിന്റെ അര്ത്ഥം ഇതാണ്. വളരെ പ്രശസ്ഥരായവര്ക്കാണ് ഇങ്ങനെ പറയുക, ബുദ്ധന്റെ പുനരവതരണം ക്രൈസ്തവിന്റെ പുനരവതരണം എന്നൊക്കെ. ബൗദ്ധര്ക്കും ക്രൈസ്തവര്ക്കും ഭാരതവുമായി ബന്ധമുണ്ടെന്ന് കാണാം. ഗുരുനാനാക്കിന് ഏകദേശം 500 വര്ഷമാണ് കാണിക്കുന്നത്. അദ്ദേഹത്തിന്റേത് ചെറിയ പുനരവതരണമാണ്, മറ്റേത് വലുതും. അപ്പോള് പുനരവതരണം എല്ലാവരും നടത്തുന്നു. ഇപ്പോള് പരമപിതാ പരമാത്മാവിനെ വിളിക്കുന്നു, പക്ഷെ എപ്പോള് വരും എങ്ങനെ വരും- ഇതറിയില്ല. തീര്ച്ചയായും ശരീരത്തില് വരേണ്ടതുണ്ട്. പക്ഷെ ജന്മമെടുക്കാത്തതിനാല് പുനരവതരണം എന്ന് പറയുന്നു. പരമാത്മാവ് ചെറിയ കുട്ടിയാകുന്നില്ല. ഏറ്റവും വലിയ പുനരവതരണം പരമാത്മാവിന്റേതാണ്. പരമാത്മാവ് 24 അവതാരം എടുക്കുന്നു എന്ന് പാടാറുണ്ട്. ഓരോ കല്ലിലും അവതരിച്ചിരിക്കുകയാണ് എന്ന് ഇപ്പോള് പറയുന്നു. അധ:പതിച്ച് കൊണ്ടിരിക്കുന്നു. ഭാരതത്തിന്റെ അവസ്ഥ താഴുന്നത് അനുസരിച്ച് അവര് പറയുന്നതും തരം താഴുന്നു. ബാബ പുതിയ ലോകത്തിന്റെ രചയിതാവാണ്. അപ്പോള് തീര്ച്ചയായും പുതിയ ലോകത്തിന്റെയും പഴയ ലോകത്തിന്റെയും സംഗമത്തില് തന്നെയാണ് വരുന്നത്. ശിവന്റേതാണ് ഏറ്റവും വലിയ പുനരവതരണം. പക്ഷെ മനുഷ്യര് മനസ്സിലാക്കുന്നില്ല, എന്തെന്നാല് പരമാത്മാവില് നിന്ന് മുഖം തിരിച്ചുകളഞ്ഞു. നിരാകാരനെ പരിചയമുണ്ട് പക്ഷെ പരമാത്മാവ് എപ്പോള് വരുന്നു, വന്നിട്ട് എന്ത് ചെയ്യുന്നു, ഇതറിയില്ല. വിഷ്ണുവിന്റെ പുനരവതരണം എന്നു പറയില്ല. ദേവീ-ദേവതാ ധര്മ്മത്തിന്റെ പുനരവതരണം എന്ന് പറയില്ല, ദേവീ-ദേവതാ ധര്മ്മത്തിന്റെ സ്ഥാപന എന്ന് പറയും.

വിഷ്ണുവിന്റെ അവതരണത്തിന്റെ ഒരു നാടകം ഉണ്ടാക്കിയിട്ടുണ്ട്. ഇപ്പോള് വാസ്തവത്തില് വിഷ്ണുവിന്റെ അവതരണത്തിന്റെ കാര്യമൊന്നും ഇല്ല. നിങ്ങള് ഇപ്പോള് വിഷ്ണുവിന്റെ കുലത്തിലേതായികൊണ്ടിരിക്കുന്നു. ഈശ്വരന്റെ കുലത്തിലേതാണല്ലോ അല്ലേ. ഇത് ശിവന്റെ കുട്ടിയായ ബ്രഹ്മാവ്, നിങ്ങള് ബ്രഹ്മാവിന്റെ കുട്ടികള്. ഇതിനെ ഈശ്വരീയ കുലം എന്നാണ് പറയുന്നത്. പരംപിതാ പരമാത്മാവ് പറയുന്നു ഞാന് വന്ന് നിങ്ങളെ എന്റേതാക്കുന്നു. ഞാന് വന്ന് നിങ്ങള് കുട്ടികളുടെ അച്ഛനാകുന്നു. സര്വ്വരുടേയും അച്ഛന് തന്നെയാണ്. എന്നാല് ഇപ്പോള് നിങ്ങള്ബ്രഹ്മാവിലൂടെ എന്റേതായിരിക്കുകയാണ്, അതുകൊണ്ട് നിങ്ങള് എന്നെ മുത്തച്ഛന് എന്ന് വിളിക്കുന്നു. ആത്മാക്കളുടെ അച്ഛന് തന്നെയാണ്. ഈ സമയം ഞാന് വന്നിരിക്കുകയാണ് എന്ന് സര്വ്വരും അറിയുന്നുണ്ട്. നിങ്ങള് തന്നെയാണ് ഇപ്പോള് കാണുന്നത്. എപ്പോഴാണോ ബാബ ജന്മം നല്കുന്നത് അപ്പോഴാണ് പരിധിയില്ലാത്ത അച്ഛനെ കാണുന്നത്. ഇപ്പോള് നിങ്ങള് ബ്രഹ്മാവിലൂടെ ദത്തെടുക്കപ്പെട്ട കുട്ടിയായിരിക്കുകയാണ്. വികാരത്തിലൂടെ ജന്മം എടുക്കുന്ന കുട്ടിയല്ല. ഇത്രയും പ്രജകളുണ്ട്. എത്രമാത്രം സഹോദരീ സഹോദരന്മാരാണ് ഇതെല്ലാം മുഖവംശാവലികള് തന്നെയാണ്. സന്യാസിമാരുടെ വംശാവലിയല്ല കാരണം അവരില് മുത്തച്ഛനും അച്ഛനും എന്ന ബന്ധം ഇല്ല. ഇവിടെ അച്ഛനുമുണ്ട് മുത്തച്ഛനുമുണ്ട്. ദാദ എന്ന് ഇദ്ദേഹത്തിനെയാണ് പറയുന്നത്. ബാബ വന്ന് തന്റേതാക്കുന്നു. നമ്മള് ഈശ്വരന്റെ അടുക്കല് ജന്മം എടുത്തിരിക്കുകയാണ് എന്ന് നിങ്ങള്ക്ക് അറിയാം. ഇത് മംഗളകരമായ മിലനമാണ്. കലിയുഗത്തിന്റെ അന്ത്യവും സത്യയുഗത്തിന്റെ ആരംഭവും - ഇതിനെയാണ് സംഗമയുഗം എന്ന് പറയുന്നത്. സംഗമയുഗത്തിലാണ് മിലനം നടക്കുന്നത്. 3 നദികളുടെ സംഗമം പോലെ. അവിടെ എന്താണ് നടക്കുന്നത്? ഗുരുക്കന്മാരുടേയും ജിജ്ഞാസുക്കളുടേയും മിലനമാണ് നടക്കുന്നത്. അത് ഭൗതീകമായിട്ടുള്ളതാണ്. ആത്മാവിന്റെയും പരമാത്മാവിന്റെയും മംഗളകരമായ മിലനം എന്ന് പറയുന്നുണ്ട്. ഇതാണ് ഏറ്റവും നല്ലതായിട്ടുള്ളത്. ആത്മാവ് പരംപിതാ പരമാത്മാവിനെ കാണുന്നു. ഇവിടെ വെള്ളത്തിന്റെ നദിയുടെ കാര്യമൊന്നും ഇല്ല. നിങ്ങള് ഇവിടെ ഇരിക്കുകയാണ്. ഇത് നിങ്ങളുടെ വളരെ ഉയര്ന്ന മംഗളകരമായ മിലനമാണ്. ആത്മാക്കളും ചൈതന്യമാണ്. ഇത് പരംപിതാ പരമാത്മാവിന്റെ ലോണ് എടുത്ത ശരീരമാണ്, ഇതിനെ മംഗളകരമായ മിലനം എന്ന് പറയുന്നു. കുംഭ മേള എന്ന് പറയുന്നുണ്ടല്ലോ. കുംഭത്തേയും സംഗമം എന്നാണ് പറയുന്നത്. 3 നദികളുടെ സംഗമത്തിന്റെ പേര് കുംഭം എന്ന് വെച്ചിരിക്കുന്നു. ഏറ്റവും വലിയ സംഗമം ഏതാണ്? സാഗരത്തിന്റെയും നദികളുടേയും. ബ്രഹ്മപുത്രയാണ് ഏറ്റവും വലിയ നദി. അതിലാണ് ബാബ വരുന്നത് അതുകൊണ്ട് സാഗരത്തിന്റെയും ബ്രഹ്മപുത്ര നദിയുടേയും ഒരുമിച്ചുള്ള മേളയാണ്. ഇപ്പോള് കുംഭമേളയാണ് - സംഗമത്തില് .നിങ്ങള് ഇപ്പോള് ജ്ഞാന സാഗരനായ ബാബയെ കാണുന്നു, ഇതിനെയാണ് ഈശ്വരീയ കുംഭ മേള എന്ന് പറയുന്നത്. ഇത് ആത്മാക്കളുടെയും പരമാത്മാവിന്റെയും സംഗമമാണ്. കുംഭം അഥവാ സംഗമം, കാര്യം ഒന്ന് തന്നെയാണ്. നിങ്ങള് കുട്ടികള്ക്കറിയാം നമ്മള് നമുക്ക് വേണ്ടി സ്വര്ഗ്ഗം സ്ഥാപിച്ചു കൊണ്ടിരിക്കുകയാണ്. നമുക്ക് കുടുംബത്തില് പവിത്രമായിരിക്കണം. പവിത്രതയുള്ള സ്ഥലത്തിനെയാണ് സ്വര്ഗ്ഗം എന്ന് പറയുന്നത്. കുട്ടികള് പവിത്രമായിരിക്കുകയാണെങ്കില് പവിത്രതയും സുഖവും ശാന്തിയും ഉണ്ടാകും. ദേവതകളുടേത് പോലെയുള്ള അവസ്ഥയായിരിക്കണം നിങ്ങളുടേത്. യാതൊരു അവഗുണവും ഉണ്ടാകുവാന് പാടില്ല, ഇതിനെ

തന്നെയാണ് സ്വര്ഗ്ഗം എന്ന പറയുന്നത്. അത് തന്നെയാണ് പിന്നെ സ്ഥായിയായിട്ട് സ്വര്ഗ്ഗമാകുന്നത്. വീട്ടില് അങ്ങനെയുള്ള യോഗ്യരായി മാറണം, അതുകൊണ്ട് ഓരോ വീട്ടിനേയും സ്വര്ഗ്ഗമാക്കൂ എന്ന് പറയുന്നു. സത്യയുഗത്തില് ഓരോ വീടും സ്വര്ഗ്ഗമായിരുന്നു, ഇപ്പോള് അല്ല. ഏത് കുട്ടികളാണോ ബാബയില് നിന്നും സമ്പത്ത് എടുക്കുന്നത് അവര്ക്ക് തന്റെ വീട്ടിലിരുന്ന് കൊണ്ട് പതീതത്തില് നിന്നും പാവനമാകുവാനുള്ള ലക്ഷ്യം വെക്കണം.

ഇത് വലുതിലും വലിയ തീര്ത്ഥാടനമാണ്. എവിടെയാണോ സാഗരമായ ശിവബാബയുള്ളത്, അവിടെ നിങ്ങള് ഗംഗകളാകുന്ന ആത്മാക്കള് തീര്ച്ചയായും ഉണ്ടാകും. ഇത് ഏറ്റവും ഉയര്ന്നതിലും ഉയര്ന്ന മേളയാണ്. അതെല്ലാം ഭക്തീമാര്ഗ്ഗത്തിന്റെ മേളയാണ്, ഇത് ജ്ഞാനമാര്ഗ്ഗത്തിന്റെ മേളയാണ്. ഭക്തീമാര്ഗ്ഗ ത്തിന്റെ മേള ഓരോ ജന്മവും ചെയ്ത് കൊണ്ടിരിക്കുന്നു. ജ്ഞാന മാര്ഗ്ഗത്തിന്റെ മേള ഒരേയൊരു പ്രാവശ്യമാണ് നടക്കുന്നത്. ഇത് ആത്മീയ മിലനമാണ്. സുപ്രീം ആത്മാവ് പരംധാമത്തില് നിന്നും വന്ന് കുട്ടികളെ കാണുന്നു. ഇതാണ് ഏറ്റവും വലിയ മേള അഥവാ യാത്ര. ഈ ചൈതന്യ സാഗരത്തിന് എവിടെ വേണമെങ്കിലും പോകുവാന് സാധിക്കും. ആ ജഢ സാഗരത്തിന് മറ്റൊരിടത്തും പോകുവാന് സാധിക്കില്ല. ഈ സാഗരം പോകുന്നു. നദികളായ നിങ്ങളെയും ക്ഷണിക്കുമ്പോള് പോകുന്നുണ്ട്. ജ്ഞാന സാഗരം ഈ ബ്രഹ്മപുത്ര നദിയോടൊപ്പമാണ് പോകുന്നത്. നിങ്ങള് പല പല പ്രകാരത്തിലുള്ള നദികളാണ്- ചിലത് പവിത്രമാണ്, ചിലത് അപവിത്രമാണ്.ചില സമയങ്ങള് അങ്ങനെയുള്ള ധാരാളം പേര് വരുന്നുണ്ട് അവര്ക്ക് പവിത്രമായിരിക്കുവാന് സാധിക്കില്ല. എന്നാലും വരുന്നുണ്ടല്ലോ. പുറത്തുള്ള ഗ്രഹസ്ഥികളും വരുന്നുണ്ട്, അനുവദിക്കാറുണ്ട്. എല്ലാവരെയും അനുവദിക്കും എന്നല്ല. ഏതെങ്കിലും ബന്ധുക്കളോ കൂട്ടുകാരോ വരുകയാണെങ്കില് അവരെ അനുവദിക്കാറുണ്ട്. വളരെയധികം നിയമമുണ്ട്. ഇന്ദ്രപ്രസ്ഥത്തില് പതീതര്ക്ക് വരാന് സാധിക്കില്ല. ഏതൊരു വഴികാട്ടിയും ഒരു പതീതരെയും ഒപ്പം കൊണ്ട് വരുവാന് പാടില്ല അതുകൊണ്ട് ബാബ പറയുന്നു ശ്രദ്ധയോടു കൂടിയിരിക്കണം,നിങ്ങള്ക്കാണ് സര്ട്ടിഫിക്കറ്റ് ലഭിക്കുന്നത്. ആരെയെങ്കിലും കൂടെ കൊണ്ട് വന്നാലും പറഞ്ഞ് അയക്കുകയാണെങ്കിലും നിങ്ങളുടെ മേലാണ് ഉത്തരവാദിത്വം. സെന്ററുകളിലേയ്ക്ക് ക്ഷണിക്കാറുണ്ട്. എത്ര പതീതരായിട്ടുള്ളവരാണ് വരുന്നത്. സെന്ററുകളില് പതീതരായിട്ടുള്ളവരാണ് വരുന്നത് അവരെയാണ് പാവനമാക്കേണ്ടത്. ഇവിടെയുള്ളത് സാഗരമാണ് അതുകൊണ്ട് നിയമവും വെച്ചിട്ടുണ്ട്. നാഡി പരിശോധിക്കാറുണ്ട്. പല പ്രകാരത്തിലുള്ള ഡോക്ടര്മാരുണ്ടല്ലോ അല്ലേ. മമ്മയും ബാബയും അഥവാ അനന്യരായിട്ടുള്ള കുട്ടികള് സംസാരിക്കുമ്പോള് പെട്ടെന്ന് മനസ്സിലാക്കാന് കഴിയും ബുദ്ധിയില് ഇരിക്കുന്നുണ്ടോ ഇല്ലയോ എന്ന്. രണ്ട് അച്ഛനുണ്ട് എന്ന് നിങ്ങള് ആര്ക്ക് വേണമെങ്കിലും മനസ്സിലാക്കി കൊടുക്കൂ പെട്ടെന്ന് തന്നെ അവര് അത് അംഗീകരിക്കും. സര്വ്വരും പരംപിതാ പരമാത്മാവിനെ ഓര്മ്മിക്കുന്നുണ്ട്. നമ്മള് ഈ അച്ഛന്റെ കുട്ടികളാണ്. എന്നാല് ആ അച്ഛന്റെ കര്ത്തവ്യം അറിയുന്നില്ല. ഏതെല്ലാം നാമ രൂപത്തില് ഏതൊക്കെ മനുഷ്യര് വരുന്നുണ്ടോ ആ നാമ രൂപത്തില് 5000 വര്ഷങ്ങള്ക്ക് ശേഷം തീര്ച്ചയായും വീണ്ടും വരണം എന്നത് നിങ്ങള് കുട്ടികള് അറിയുന്നുണ്ട്. ക്രിസ്തുവിന് ഏതൊരു ശരീരമാണോ ഉള്ളത് അത് വീണ്ടും അതേ സമയത്ത് തന്നെയാണ് ലഭിക്കുന്നത്. അങ്ങനെ മറ്റൊരു മനുഷ്യനും ഉണ്ടാവുകയില്ല. ആത്മാവ് പല പല നാമ രൂപ ദേശ കാലങ്ങളില് ജന്മം എടുത്ത് ഇപ്പോള് പതീതമായിത്തീര്ന്നിരിക്കുന്നു, അതിനെ വീണ്ടും പാവനമാക്കുന്നു.

നിങ്ങള്ക്കറിയാം മംഗളകാരിയായിട്ടുള്ളത് ബാബയാണ്. സര്വ്വര്ക്കും സത്ഗതി നല്കുന്നവന് ബാബയാണ്. ഇവിടെ മനുഷ്യന് മാത്രമല്ല സര്വ്വ വസ്തുക്കള്ക്കും സത്ഗതി ലഭിക്കുന്നു. നരകത്തിന്റെ വിനാശവും സ്വര്ഗ്ഗത്തിന്റെ സ്ഥാപനയും നടക്കുന്നു. ആരാണോ കല്പത്തിനു മുന്പ് വന്നിട്ടുള്ളത് - പഞ്ചാബികളും പാര്സികളും വരുന്നുണ്ടല്ലോ, സര്വ്വരേയും ക്ഷണിക്കണം. ബാബ വന്നിരിക്കുകയാണ് - പെരുമ്പറ മുഴക്കുന്നതിലും തെറ്റില്ല. നിങ്ങളുടെ ചിത്രങ്ങളും വളരെ നല്ലതാണ്. ഇപ്പോള് നിങ്ങള് ക്ഷേത്രത്തിലേയ്ക്ക് യോഗ്യരാവുകയാണ്. ഭൂതങ്ങളെ പുറത്താക്കുന്നതില് വളരെയധികം പരിശ്രമമുണ്ട്. ലക്ഷ്മീ നാരായണനെ വരിക്കുന്നതിനു വേണ്ടി വികാരിയായ അവഗുണങ്ങളെ ഇല്ലാതാക്കുന്നതിന് എത്രമാത്രം പരിശ്രമിക്കുന്നു. ചിലരെ കാമത്തിന്റെ ഭൂതം, ചിലരെ ക്രോധത്തിന്റെ ഭൂതം, ചിലരെ മോഹത്തിന്റെ ഭൂതവുമൊക്കെ പ്രഹരിക്കുന്നു. തികച്ചും വീണ് പോകുന്നു. ലോഭത്തിന് വശപ്പെട്ടും വീണ് പോകുന്നു. നല്ല നല്ല വീട്ടിലെ കുട്ടികള് മിഠായി കാണുമ്പോള് ഒളിച്ച് കഴിക്കുന്നു. ലോഭവും എത്രമാത്രം നഷ്ടമാണുണ്ടാക്കുന്നത്. ലോഭത്തിന് വശപ്പെട്ടാണ് മോഷ്ടിക്കുന്നത്. ആദ്യം നിങ്ങള് ഭട്ഠിയിലായി രുന്നു. ഇപ്പോള് സര്വ്വരും തന്റെ വീട്ടില് ഭട്ഠിയുണ്ടാക്കേണ്ടതുണ്ട്. ബാബ ഒരേയൊരു വലിയ ഭട്ഠി ഉണ്ടാക്കി. ഇപ്പോള് പറയുന്നു ആദ്യം 7 ദിവസം ഭട്ഠിയില് ഇരിക്കേണ്ടതുണ്ട്. ഇന്നത്തെ കാലത്ത് ആരെയെങ്കിലും ഭട്ഠിയിലിരുത്തുക വളരെ

പ്രയാസമാണ്. സെന്ററിലും വരുന്നുണ്ട് അപ്പോള് നിറം പിടിക്കുന്നു പിന്നെ വീട്ടില് പോകുമ്പോള് മാഞ്ഞു പോകുന്നു. സംഗദോഷത്തില് പെട്ട് പോകുന്നു. ഇപ്പോള് വളരെയധികം പരിശ്രമിക്കണം.

ഇപ്പോള് നിങ്ങള് കുട്ടികള്ക്കറിയാം നമ്മള് ഈശ്വരീയ കുലത്തിലിരിക്കുകയാണ്. മുത്തച്ഛനും അച്ഛനും നമ്മള് സഹോദരീ സഹോദരന്മാരും. ബ്രാഹ്മണ കുലം സര്വ്വോത്തമം എന്നാണ് പറയുന്നത്. ആ ബ്രാഹ്മണര്ക്കും നിങ്ങള്ക്ക് ജ്ഞാനം നല്കുവാന് സാധിക്കും-ബ്രാഹ്മണരാണ് ഉത്തമരായ കുടുമ, ഈ സംഗമയുഗീ ബ്രാഹ്മണര് തന്നെയാണ് പിന്നെ ദേവതയാകുന്ന ത്,ദേവതകളെക്കാളും ഉയര്ന്നവര് ബ്രാഹ്മണരാണ്, കുടുമ ഉയര്ന്നതല്ലേ, നിങ്ങള് ബ്രാഹ്മണര് ദേവതകളെ പൂജിക്കുന്നു, സ്വയം പൂജാരിയെന്നും അവരെ പൂജ്യരെന്നും വിചാരിക്കുന്നു. നിങ്ങള്ക്ക് ആ പൂജാരിമാര്ക്കും, ബ്രാഹ്മണര്ക്കും ഇത് മനസ്സിലാക്കി കൊടുക്കുവാന് സാധിക്കും. നിങ്ങള് സത്യ സത്യമായ സംഗമയുഗീ ബ്രാഹ്മണരാണ്. നിങ്ങള് ബ്രഹ്മാമുഖവംശാവലി കളാണ്, വീണ്ടും നിങ്ങള് തന്നെയാണ് ദേവതയാകുന്നത്. പരംപിതാ പരമാത്മാവ് തന്നെയാണ് തീര്ച്ചയായും സ്വര്ഗ്ഗത്തിലെ ദേവതയാക്കുന്നത്.ശരി.

വളരെക്കാലത്തെ വേര്പാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങള്ക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലര്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികള്ക്ക് നമസ്കാരം.

ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ഉള്ളിലെ അവഗുണങ്ങളെ പരിശോധിച്ച് അതിനെ ഇല്ലാതാക്കണം. സംഗദോഷത്തില് നിന്നും സ്വയത്തെ സംരക്ഷിക്കണം. ദൈവീക ഗുണങ്ങള് ധാരണ ചെയ്ത് സ്വയത്തെ യോഗ്യരാക്കി മാറ്റണം.

2. ഓരോ വീടിനേയും സ്വര്ഗ്ഗമാക്കുവാനുള്ള സേവനം ചെയ്യണം. ബാബയുടെ ഓര്മ്മയിലൂടെ ഭൂതങ്ങളെ ഓടിക്കണം. ബാബയോടൊപ്പം മംഗള മിലനം ആഘോഷിക്കണം.

വരദാനം :- തന്റെ അനാദി സംസ്കാരങ്ങളെ പുറത്തെടുത്ത് സര്വ്വ സമസ്യകളെയും മറികടക്കുന്ന പറക്കുന്ന പക്ഷിയായി ഭവിക്കട്ടെ.

താങ്കള് എല്ലാവരും അനാദി രൂപത്തില് പറക്കുന്നവര് തന്നെയായിരുന്നു, പക്ഷെ ഭാരം കാരണം പറക്കുന്ന പക്ഷിക്കു പകരം കൂട്ടിലെ പക്ഷിയായിപ്പോയി. ഇപ്പോള് വീണ്ടും അനാദി സംസ്കാരങ്ങള് പുറത്തെടുക്കൂ അതായത് ഫരിസ്താ രൂപത്തില് സ്ഥിതി ചെയ്യൂ, ഇതിനെത്തന്നെയാണ് സഹജ പുരുഷാര്ത്ഥം എന്ന് വിളിക്കുന്നത്. പറക്കുന്ന പക്ഷിയാകാമെങ്കില് പരിസ്ഥിതികള് താഴെയും താങ്കള് മുകളിലുമാകും. ഇത് തന്നെയാണ് സര്വ്വ സമസ്യകള്ക്കും പരിഹാരം.

സ്ലോഗന് :- ഓരോ ചുവടിലും മംഗളം എന്ന് മനസ്സിലാക്കി ഓരോ ആത്മാവിനും ശാന്തിയുടെ ശക്തി ദാനം കൊടുക്കുക തന്നെയാണ് സത്യമായ സേവനം.